# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2459 01.04.2013 - ൽ മറുപടിക്ക്

**മീറ്റർ റീഡർ തസ്തികയിലെ പ്രൊമോഷൻ അനുപാതം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തികയിലെ പ്രൊമോഷൻ അനുപാതം 3:1 എന്ന നിലയിൽ ആക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തികയിലെ പ്രൊമോഷൻ അനുപാതം 3:1 എന്ന നിലയിൽ ആക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധനയിലാണ്. ഇതിലേയ്ക്കായി കേരള വാട്ടർ അതോറിറ്റിയുടെ ടെക്നിക്കൽ സ്പെഷ്യൽ റൂൾസിന്റെ കരട് നിയമവകുപ്പിന്റെ നിർദ്ദേശാനുസരണം ഭേദഗതി വരുത്തി, പുതുക്കിയ കരട് സമർപ്പിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുന്നു. |
| (ബി) | കെ.ഡബ്ല്യു.എ/ഐ.ബി/ഇ1-12886/08, തീയതി 30.10.12 നമ്പർ ഫയലിൽ എടുത്ത തുടർനടപടികൾ വിശദമാക്കുമോ; | (ബി) | കെ.ഡബ്ല്യു.എ/ഐ.ബി/ഇ1-12886/08, തീയതി 30.10.12 നമ്പർ ആയി കേരള വാട്ടർ അതോറിറ്റി നൽകിയ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | കേരള വാട്ടർ അതോറിറ്റിയിലെ മീറ്റർ റീഡർ, പ്ലംബർ തസ്തികകളിൽ നിലവിലെ ഒഴിവുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | കേരള വാട്ടർ അതോറിറ്റിയിൽ മീറ്റർ റീഡർ തസ്തികയിൽ നിലവിലെ 46 ഒഴിവുകളിൽ 34 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 12 ഒഴിവുകൾ അനുപാതം പാലിച്ച് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാനും ബാക്കിയുള്ളവ തസ്തിക മാറ്റം വഴി നികത്താനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്ലംബർ തസ്തികയിൽ നിലവിൽ 3 ഒഴിവുകളാണ് ഉള്ളത്. ഇതിൽ ഒരൊഴിവ് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ